008574

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - ഉയർന്ന മൂല്യമുള്ള നോട്ട് അസാധുവാക്കൽ - സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഗണിച്ച് സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന്/ജപ്തി നടപടികൾക്ക് 2017 മാർച്ച് 31 വരെ ഏർപ്പെടുത്തിയ മോറട്ടോറിയത്തിന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം. 5/2017/സഹ തീയതി, തിരുവനന്തപുരം, 25/02/2017**

---

പരാമർശം:- 1. സ.ഉ (കൈ)നം. 47 /2017/സഹ. തീയതി,01/12/2016.
2. സഹകരണ സംഘം രജിസ്ട്രാറുടെ 08.12.2016 ലെ സി.ജി.(2) 50436/2016 -ാം നമ്പർ കത്ത്.

OFFICE OF THE REGISTRAR OF CO-OPERATIVE SOCIETIES
01 MAR 17

**ഉത്തരവ്**

ഉയർന്ന മൂല്യമുള്ള നോട്ട് കേന്ദ്രസർക്കാർ അസാധുവാക്കിയത് വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ വായ്പാ തിരിച്ചടവിനുള്ള പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകൾ/സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 2017 മാർച്ച് 31 വരെ മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും, ഈ കാലയളവിലേക്ക് റവന്യൂ റിക്കവറി/ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനും ശിപാർശ ചെയ്യും, മോറട്ടോറിയം നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ സത്വരനടപടികൾ കൈക്കൊള്ളുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയും സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

എല്ലാ വായ്പാ തിരിച്ചടവുകൾക്കും മോറട്ടോറിയം അനുവദിക്കുന്നത് ബാങ്കുകൾ/സംഘങ്ങളുടെ നിലവിലെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ മേൽ ഉത്തരവ് പ്രകാരമുള്ള മോറട്ടോറിയം സഹകരണ സംഘങ്ങളിൽ/സഹകരണ ബാങ്കുകളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള ജപ്തി നടപടികൾക്ക് മാത്രമായി പരിമിതിപ്പെടുത്തി ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് സൂചന (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉയർന്ന മൂല്യമുള്ള നോട്ട് അസാധുവാക്കിയ നടപടി മൂലം സഹകരണ മേഖലയിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ തീവ്രത സർക്കാരിന്റെയും സഹകരണ പ്രസ്ഥാനത്തിന്റെയും യഥോചിതമായ ഇടപെടലുകളെയും പരിഹാര നടപടികളെയും തുടർന്ന് ഭാഗീകമായി ലഘൂകരിക്കപ്പെട്ടിട്ടുള്ളതിനാലും, സഹകരണ ബാങ്കുകളുടെ നിഷ്ക്രിയാസ്തികൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിഷ്കർഷിച്ച നിബന്ധനകളേക്കാൾ അധികരിക്കാനിടയുള്ള സാഹചര്യം പരിഗണിച്ചും സഹകരണ സംഘങ്ങളിൽ/ സഹകരണ ബാങ്കുകളിൽ നിന്നും വിതരണം ചെയ്തിട്ടുള്ള വായ്പാ കുടിശ്ശികകളിന്മേൽ റവന്യൂ റിക്കവറി/ജപ്തി മുതലായ നിർബന്ധിത നടപടികൾ ആരംഭിച്ചിട്ടുള്ള വായ്പകൾക്ക് മാത്രമായി മോറട്ടോറിയം പരിമിതിപ്പെടുത്തി സൂചന (1) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വിഷയത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി. വേണുഗോപാൽ**
**സ്പെഷ്യൽ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
സഹകരണ (എ/സി/പി.എസ്) വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ